**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4122** **09-08-2021 - ൽ മറുപടിയ്ക്ക്**

**സ്ഥലമേറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നല്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുമ്പോൾ പാതയോരത്തെ കെട്ടിട ഉടമകൾക്ക് പുറമെ അവിടെ വാടകയ്ക്ക് കടയും സ്ഥാപനങ്ങളും നടത്തുന്നവർക്കും നഷ്ടപരിഹാരം നല്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ദേശീയപാതയ്ക്ക് സ്ഥലമേറ്റെടുക്കുമ്പോൾ ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾക്ക് 2013-ലെ RFCTLARR നിയമപ്രകാരമുള്ള നഷ്ടപരി-ഹാരമാണ് നൽകുന്നത്. പുനരധിവാസവും പുനസ്ഥാപനവും പ്രസ്തുത നിയമത്തിന്റെ ഷെഡ്യൂൾ 2 പ്രകാരമാണ് നൽകുന്നത്. ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act, 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 29/12/2017-ലെ ജി.ഒ.(എം.എസ്) 448/2017/RD (State Rehabilitation Policy) പ്രകാരം കുടിയൊഴിപ്പിക്കുന്ന കച്ചവടക്കാരെ/ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് റവന്യൂ വകുപ്പ് ഉത്തരവായിട്ടുണ്ട്. എന്നാൽ ദേശീയപാതക്ക് വേണ്ടി സ്ഥലമേറ്റെടുക്കുന്ന അവസരങ്ങളിൽ LARR Act-ന്റെ ഷെഡ്യൂൾ 2 പ്രകാരമുള്ള നഷ്ടപരിഹാരമാണ് ദേശീയ പാത അതോറിറ്റി നൽകി വരുന്നത് |

സെക്ഷൻ ഓഫീസർ